07.02.2026

# സ്പെക്ട്രം 2026 ജൂബിലിയിൽ സമാപിച്ചു

റേഡിയോളജി മേഖലയിലെ നവീന സാങ്കേതികവിദ്യകളും അറിവുകളും പങ്കുവെക്കുന്നതിനായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ റേഡിയോളജി വകുപ്പ് സംഘടിപ്പിച്ച സ്പെക്ട്രം 2026 - റേഡിയോളജി പ്രൊഫഷണൽ സി.എം.ഇ. 2026 വിജയകരമായി നടന്നു. പരിപാടിയുടെ ഉദ്ഘാടനം ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ നിർവ്വഹിച്ചു. ആരോഗ്യപരിചരണ രംഗത്ത് റേഡിയോളജി ടെക്നോളജിസ്റ്റുകൾ വഹിക്കുന്ന നിർണ്ണായക പങ്കിനെക്കുറിച്ച് അദ്ദേഹം തന്റെ ഉദ്ഘാടനപ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു. സി. ആരതി സ്വാഗതം ആശംസിച്ചു. ചടങ്ങിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിജോ മാളിയേക്കൽ മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, റേഡിയോളജി വിഭാഗം മേധാവി ഡോ. ബിനോജ് എന്നിവർക്ക് പ്രത്യേക അഭിനന്ദനങ്ങൾ അർപ്പിച്ചു.

ഗുണമേന്മയുള്ള ഇമേജിംഗ് മുതൽ ഡയഗ്നോസ്റ്റിക് രംഗത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വരെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി പ്രമുഖ വിദഗ്ധർ ക്ലാസുകൾ എടുത്തു. വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള റേഡിയോളജി വിദ്യാർത്ഥികൾ, ഡോക്ടർമാർ ടെക്നോളജിസ്റ്റുകൾ എന്നിവർ ഉൾപ്പെടെ 175 പേർ സി.എം.ഇ.-യിൽ പങ്കെടുത്തു.